# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 11.12.2025** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പിൽ 75 ശതമാനത്തിനു മുകളിൽ പോളിങ്. വോട്ടെണ്ണൽ മറ്റന്നാൾ.

   **Over 75 percent polling in the second phase of local body elections in Kerala. Counting of votes the day after tomorrow.**

2. തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ സംബന്ധിച്ച ചർച്ചകൾ ഇന്ന് രാജ്യസഭയിൽ നടന്നു. വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ചുള്ള ചർച്ചയ്ക്ക് സമാപനം.

   **Discussions on electoral reforms were held in the Rajya Sabha today. The discussion on the 150th anniversary of Vande Mataram concluded.**

3. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ രണ്ട് ദിവസത്തെ മണിപ്പൂർ സന്ദർശനത്തിന് തുടക്കമായി

   **President Draupadi Murmu's two-day visit to Manipur has begun**

4. രണ്ടാം ഘട്ട പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ സമയപരിധി ആറ് സംസ്ഥാനങ്ങളിൽ പുനർനിശ്ചയിച്ച് കേന്ദ്ര

തിരഞ്ഞെടുപ്പ് കമ്മീഷൻ. കേരളത്തിന് ഈ മാസം 18 വരെ ഫോമുകൾ നല്കാം.

**The Central Election Commission has revised the deadline for the second phase of SIR in six states. Kerala can submit forms till the 18th of this month.**

5. മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കം

**The 30th Kerala International Film Festival begins tomorrow in Thiruvananthapuram**

6. ദക്ഷിണാഫ്രിക്കയ്ക്ക് എതിരായ രണ്ടാം ട്വന്റി-20 മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തെരഞ്ഞെടുത്തു.

**India won the toss and elected to field in the second Twenty20 match against South Africa.**

## LSG POLL

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പ് അവസാനിച്ചു. 7 ജില്ലകളിലേക്ക് നടന്ന വോട്ടെടുപ്പിൽ ഒടുവിൽ ലഭിക്കുന്ന കണക്കുകൾ പ്രകാരം 75.93 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. രണ്ട് ഘട്ടങ്ങളിലായി നടന്ന തിരഞ്ഞെടുപ്പിൽ 14 ജില്ലകളിലായി ആകെ 73.6 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. ഡിസംബർ 9 ന് നടന്ന ആദ്യ ഘട്ട വോട്ടെടുപ്പിൽ 70.91 ശതമാനമായിരുന്നു പോളിങ്. വോട്ടർമാരുടെ മികച്ച പങ്കാളിത്തമാണ് എല്ലാ ജില്ലകളിലും പ്രകടമായത്. തൃശൂർ,

പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ 604 തദ്ദേശ സ്ഥാപനങ്ങളിലായി 12,391 വാർഡുകളിലാണ് തിരഞ്ഞെടുപ്പ് നടന്നത്. എല്ലാ ജില്ലകളിലും പോളിങ് ശതമാനം 70 കടന്നു. വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ പോളിങ് രേഖപ്പെടുത്തിയത്. വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു. ചിലയിടത്ത് യന്ത്രത്തകരാറ് സംബന്ധിച്ച പരാതി ഉയർന്നു. രാവിലെ ഏഴു മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് ആറു മണി വരെ തുടർന്നു. 6 വരെ പോളിംഗ് സ്റ്റേഷനിൽ എത്തിയ മുഴുവൻ പേർക്കും വോട്ട് ചെയ്യാൻ അവസരം നൽകി. ഈ സമയം ക്യൂവിൽ നിന്ന എല്ലാവർക്കും, പ്രിസൈഡിങ് ഓഫീസർ ഒപ്പിട്ട സ്ലിപ്പ് നൽകി. വോട്ടെടുപ്പിന് ശേഷം പോളിങ് സാധനങ്ങളും ഇ.വി.എമ്മും വിതരണകേന്ദ്രങ്ങളിൽ സജ്ജമാക്കിയിട്ടുള്ള സ്ട്രോങ് റൂമുകളിൽ സൂക്ഷിക്കും. മറ്റന്നാളാണ് വോട്ടെണ്ണൽ. സംസ്ഥാനത്തെ 244 കേന്ദ്രങ്ങളിൽ ശനിയാഴ്ച രാവിലെ 8 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

## POLLING PERCENTAGE – DISTRICTS

തൃശൂർ ജില്ലയിൽ 72.24 ശതമാനവും, പാലക്കാട് 76.05-ഉം, മലപ്പുറത്ത് 77.21 ഉം ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. കോഴിക്കോട് പോളിങ് ശതമാനം 76.92 ഉം, വയനാട് 77.91 ഉം ആണ്. കണ്ണൂരിൽ 76.34 ഉം

കാസർകോട് 74.21 ഉം ശതമാനം ആണ് ഇതുവരെയുള്ള പോളിങ്. കോഴിക്കോട് കോർപ്പറേഷനിൽ 69.27 ഉം, കണ്ണൂർ കോർപ്പറേഷനിൽ 69.55 ഉം, തൃശൂരിൽ 62.24 ഉം ശതമാനം പോളിങ് ഇതുവരെ രേഖപ്പെടുത്തി. മൂന്ന് കോർപ്പറേഷനുകൾക്ക് പുറമേ 47 മുനിസിപ്പാലിറ്റികളും, 470 ഗ്രാമപഞ്ചായത്തുകളും, 77 ബ്ലോക്ക് പഞ്ചായത്തുകളും, 7 ജില്ലാ പഞ്ചായത്തുകളുമാണ് രണ്ടാംഘട്ട വോട്ടെടുപ്പിൽ ഉൾപ്പെട്ടത്. ആലപ്പുഴ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡിലെ, ഒന്നാം ബൂത്തായ മണ്ണഞ്ചേരി ഗവണ്മെന്റ് ഹൈസ്കൂളിലെ റീപോളിങ്ങും ഇന്ന് നടന്നു. വോട്ടിംഗ് മെഷീൻ തകരാറിനെ തുടർന്ന് ഈ ബൂത്തിൽ 9 ന് നടന്ന വോട്ടെടുപ്പ് തിരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കിയിരുന്നു. 18,274 പോളിങ് ബൂത്തുകളാണ് രണ്ടാംഘട്ട വോട്ടെടുപ്പിനായി ക്രമീകരിച്ചത്. ഇതിൽ 2,055 എണ്ണം പ്രശ്നബാധിത ബൂത്തുകളായിരുന്നു. കർശന നിരീക്ഷണത്തിലാണ് ഇവിടെ വോട്ടെടുപ്പ് നടന്നത്.

## WAYANAD (INTRO)

തദ്ദേശ തിരഞ്ഞെടുപ്പിൻറെ രണ്ടാംഘട്ടത്തിൽ വയനാട് ജില്ലയിൽ കനത്ത പോളിംഗാണ് രേഖപ്പെടുത്തിയത്. തോട്ടം മേഖലയിലും ഗോത്രമേഖലയിലും ശക്തമായ പോളിംഗ് രേഖപ്പെടുത്തി. ചൂരൽമലയിൽ ഉരുൾപ്പൊട്ടൽ ദുരന്തം

അതിജീവിച്ചവർക്കായി പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു.

*വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.......*

*(ഹോൾഡ് വോയിസ്)*

## CANDIDATES

കാസർകോട് മംഗൽപാടി, മടിക്കൈ ഗ്രാമ പഞ്ചായത്തുകളിലെ ഓരോ വാർഡിലും, കണ്ണൂർ ആന്തൂർ മുനിസിപ്പാലിറ്റിയിലെ 5 വാർഡുകളിലും, കണ്ണപുരം, മലപ്പട്ടം ഗ്രാമപഞ്ചായത്തുകളിലായി 9 വാർഡുകളിലും സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതിനാൽ ഈ വാർഡുകളിലേക്ക് വോട്ടെടുപ്പ് നടന്നില്ല. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിമ്പാടം ഏഴാം വാർഡിലെ സ്ഥാനാർത്ഥി മരണപ്പെട്ടതിനാൽ ആ വാർഡിലെ വോട്ടെടുപ്പ് മാറ്റിവച്ചു.

## KOZHIKODE (INTRO)

കോഴിക്കോട് ജില്ലയിൽ തിരഞ്ഞെടുപ്പ് സമാധാനപരമായി പൂർത്തിയായി. ജനങ്ങളിൽ നിന്നും മികച്ച പ്രതികരണമാണ് വോട്ടെടുപ്പിൽ ഉണ്ടായത്.

*വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു.......*

*(ഹോൾഡ് വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**KASARAGOD(INTRO)**

കാസർകോഡ് ജില്ലയിൽ മികച്ച പോളിംഗ്. ജില്ലയിലെ നഗര-ഗ്രാമീണ മേഖലകളിൽ വലിയ തോതിലുള്ള ജനപങ്കാളിത്തമാണ് വോട്ടെടുപ്പിൽ ദൃശ്യമായത്. പോളിങ്ങ് പൊതുവേ സമാധാനപരമായിരുന്നു.

*വിശദാംശങ്ങളുമായി കാസർകോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ.*
*(ഹോൾഡ് വോയ്സ്.......)*

❁❁❁❁❁❁❁❁❁❁❁❁❁

**SIR REVISED STATEMENT**

രണ്ടാം ഘട്ട പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ സമയപരിധി 6 ഇടങ്ങളിൽ പുനർനിശ്ചയിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. പുതുക്കിയ ഷെഡ്യൂൾ പ്രകാരം, തമിഴ്നാടും ഗുജറാത്തും ഈ മാസം 14-നകം പ്രവർത്തനം പൂർത്തിയാക്കണം. മധ്യപ്രദേശ്, ഛത്തീസ്ഗഢ്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവയ്ക്കുള്ള അവസാന തീയതി ഈ മാസം 18 വരെ നീട്ടിയിട്ടുണ്ട്,

അതേസമയം ഉത്തർപ്രദേശിനുള്ള അവസാന തീയതി ഈ മാസം 26 വരെയാണ് നീട്ടിയത്. കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് രണ്ടാം ഘട്ട പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം നടക്കുന്നത്. കേരളത്തിന് ഇൗ മാസം 18 വരെ ഫോമുകൾ നൽകാവുന്നതാണ്.

## FINAL RS-ELECTION REFORMS

തിരഞ്ഞെടുപ്പ് പരിഷ്ക്കാരങ്ങൾ സംബന്ധിച്ച് രാജ്യസഭയിൽ ഇന്ന് ചർച്ച നടന്നു. തിരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യമാക്കാൻ തിരഞ്ഞെടുപ്പ് ബോണ്ടുകളിലൂടെ സാധിച്ചതായി ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബിജെപി എംപി സുധാൻഷു ത്രിവേദി പറഞ്ഞു. അതേസമയം പോളിങ് ബൂത്തുകളിലെ സിസിറ്റിവി ദൃശ്യങ്ങൾ തിരഞ്ഞെടുപ്പ് കമ്മിഷൻ പുറത്തുവിടുന്നില്ലെന്ന് കോൺഗ്രസ് എംപി അജയ് മാക്കൻ കുറ്റപ്പെടുത്തി. പട്ടികയിൽ നിന്നും ജനങ്ങളെ ഒഴിവാക്കിയുള്ള തിരഞ്ഞെടുപ്പ് പരിഷ്ക്കാരങ്ങളോട് യോജിക്കുന്നില്ലെന്ന് ടിഎംസി എംപി ഡോള സെൻ, ആംആദ്മി പാർട്ടി എംപി സഞ്ജയ് സിങ് എന്നിവർ ആരോപിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള പാർലമെൻററി കമ്മിറ്റിയുടെ 11 റിപ്പോർട്ടുകൾ ഇന്ന് ലോക്സഭയിലും രാജ്യസഭയിലും അവതരിപ്പിച്ചു. പാർലമെന്റിന്റെ ഇരു സഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു.

## VANDEMATHARAM

വന്ദേമാതരത്തിന്റെ 150-ാാം വാർഷികത്തോടനുബന്ധിച്ച് രാജ്യസഭയിലെ ചർച്ച സമാപിച്ചു. ചൊവ്വാഴ്ച കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആയിരുന്നു ചർച്ചക്ക് തുടക്കം കുറിച്ചത്. വന്ദേ മാതരം രാഷ്ട്രത്തിന്റെ ആത്മാവിനെ ഉണർത്തുന്ന മന്ത്രമാണെന്ന് ചർച്ചക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്ര മന്ത്രി ജെ.പി നഡ്ഡ പറഞ്ഞു. കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി 80-ൽ അധികം അംഗങ്ങൾ വന്ദേ മാതരത്തെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്തു.

## PRESIDENT–IMPHAL VISIT

രണ്ട് ദിവസത്തെ മണിപ്പൂർ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇംഫാലിലെത്തി. ഇംഫാലിലെത്തിയ രാഷ്ട്രപതിയെ ഇന്ത്യൻ റിസർവ് ബറ്റാലിയനിലെ വനിതാ കണ്ടിജൻറ് വിഭാഗം ഗാർഡ് ഓഫ് ഓണർ നൽകി സ്വീകരിച്ചു. മണിപ്പൂർ സർക്കാർ നൽകിയ പൗര സ്വീകരണത്തിൽ രാഷ്ട്രപതി പങ്കെടുത്തു. വിവിധ വികസന പദ്ധതികൾക്കും ശ്രീമതി മുർമു തുടക്കം കുറിച്ചു.

## CRICKET

ദക്ഷിണാഫ്രിക്കയ്ക്ക് എതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുന്പോൾ ദക്ഷിണാഫ്രിക്ക 5 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 41 റൺസ് എടുത്തിട്ടുണ്ട്. അഞ്ച് മത്സരങ്ങളുടെ പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കായിരുന്നു ജയം.

❁❁❁❁❁❁❁❁❁❁❁❁❁

## IFFK

മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തിരിതെളിയും. നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകുന്നേരം ആറ് മണിക്കാണ് ഉദ്ഘാടന ചടങ്ങ്. ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് പാസ് വിതരണം ഇന്ന് ആരംഭിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## MUZIRIS BIENNALE

കൊച്ചി-മുസിരിസ് ബിനാലെ ആറാം പതിപ്പിന് നാളെ തുടക്കം. ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിൽ വൈകിട്ട് 5.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ബിനാലെ ഉദ്ഘാടനം ചെയ്യും. 110 ദിവസം നീണ്ടുനിൽക്കുന്ന ബിനാലെയ്ക്ക് 2026 മാർച്ച് 31 ന് സമാപനമാകും.

❁❁❁❁❁❁❁❁❁❁❁❁❁

## INDIGO COMPENSATION

ഈ മാസം 3, 4, 5 തീയതികളിൽ ഇൻഡിഗോ എയർലൈൻസിന്റെ പ്രവർത്തന തടസ്സം മൂലം ബുദ്ധിമുട്ട് നേരിട്ട ഉപഭോക്താക്കൾക്ക് കമ്പനി 10,000 രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ചു. അടുത്ത 12 മാസത്തിനുള്ളിൽ ഇൻഡിഗോ വിമാനത്തിൽ യാത്ര ചെയ്യാവുന്ന വൗച്ചറുകളുടെ രൂപത്തിലാണ് നഷ്ടപരിഹാരം വാഗ്ദാനം ചെയ്തിരിക്കുന്നത്.

**LOK-SABAH-ONE NATION ONE ELECTION**

ഒരു രാഷ്ട്രം, ഒരു തിരഞ്ഞെടുപ്പ് നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനായി രൂപീകരിച്ച സമിതിയുടെ കാലാവധി ലോക്സഭ നീട്ടി. 2026 ലെ ബജറ്റ് സമ്മേളനത്തിന്റെ അവസാന ആഴ്ചയുടെ ആദ്യ ദിവസം വരെയാണ് കാലാവധി ദീർഘിപ്പിച്ചത്.